പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1902 26-10-2026-ൽ മറുപടിയ്ക്ക്

കരിമ്പുഴ പുഴയുടെ പ്രവൃത്തികളുടെ ഭരണാനുമതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. കെ. പ്രേംകുമാർ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ പുഴയിൽ ബോട്ടിങ്ങും അനുബന്ധ പ്രവൃത്തികളും അപ്രോച്ച് റോഡ് നിർമ്മാണവും എന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പി.എസ്1/6/2025-പി.ഡബ്ല്യു.ഡി. എന്ന ഫയൽ നിലവിൽ ആരുടെ കൈവശമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മറുപടി: 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ പുഴയിൽ ബോട്ടിങ്ങും അനുബന്ധ പ്രവൃത്തികളും അപ്രോച്ച് റോഡ് നിർമ്മാണവും എന്ന പ്രവൃത്തിയുടെ പേര് "GENERAL - Budget Work 2024-25 (20%) - Construction of walkway in Karimpuzha river bank and related works near Bappuji Park in Ottapalam LAC" എന്ന് മാറ്റുന്നതിനും എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുമായി ലഭ്യമായ പി.എസ്.1/6/2025 - പി.ഡബ്ല്യൂ.ഡി. എന്ന ഭരണവകുപ്പ് ഫയൽ, ധനവകുപ്പിന്റെ അനുമതി അറിയിച്ചുകൊണ്ട് ഭരണവകുപ്പിന് തിരികെ നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ആയതിനാൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശങ്ങൾ ധനവകുപ്പിൽ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ